ദേശീയം

# ദാന്തേവാഡ കൂട്ടക്കൊല
# ഉന്നതതല അന്വേഷണം വേണം

**ഛത്തീസ്ഗഢിലെ** ദാന്തേവാഡയിൽ മാവോയിസ്റ്റുകൾ സി.ആർ.പി.എഫ് ജവാന്മാരെ കൂട്ടക്കൊല ചെയ്ത സംഭവത്തെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്ന് ജമാഅത്തെ ഇസ്‌ലാമി ദേശീയ അധ്യക്ഷൻ മൗലാനാ ജലാലുദ്ദീൻ ഉമരി ആവശ്യപ്പെട്ടു. സംഭവം ഖേദകരവും പ്രതിഷേധാർഹവുമാണ്. കഴിഞ്ഞ വർഷങ്ങളിൽ മാവോയിസ്റ്റുകൾ ശക്തിപ്പെട്ട് വരുന്നതായാണ് അനുഭവം. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഈ പ്രതിഭാസത്തെ നേരിടുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. നക്സലിസം പോലുള്ള ആശയങ്ങൾ രൂപപ്പെടാനുള്ള സാഹചര്യങ്ങളെ യഥോചിതം അഭിമുഖീകരിക്കാനും ഭരണാധികാരികൾക്ക് കഴിയുന്നില്ല. ആദിവാസികളും പിന്നാക്കവിഭാഗങ്ങളും നേരിടുന്ന കടുത്ത വിവേചനങ്ങളും കൈയേറ്റങ്ങളും ഈ സന്ദർഭത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. സ്വാതന്ത്ര്യം നേടി അറുപതിലധികം വർഷം പിന്നിട്ടിട്ടും ഒട്ടനവധി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചിട്ടും ആദിവാസി ഇന്നും വേട്ടയാടപ്പെടുന്നത് ഗുരുതരമായി തന്നെ കാണണം. ആയുധമെടുക്കുന്നതും ഭീകരപ്രവർത്തനങ്ങൾ നടത്തുന്നതും ആവശ്യങ്ങൾ അംഗീകരിച്ച് കിട്ടാനുള്ള യഥാർഥ മാർഗമല്ലെന്ന് അദ്ദേഹം മാവോയിസ്റ്റ് നേതാക്കളെ ഓർമിപ്പിച്ചു. ഇതുകൊണ്ട് പ്രശ്നം കത്തിച്ചു നിർത്താമെന്നല്ലാതെ പരിഹരിക്കാനാവില്ല. ചർച്ചയിലൂടെയും സംവാദങ്ങളിലൂടെയുമാണ് പ്രശ്നപരിഹാരം സാധ്യമാവുക. അല്ലാത്തപക്ഷം സ്വന്തം ജീവിതവും രാജ്യനിവാസികളുടെ ജീവിതവും ദുരിതപൂർണമാവുകയേ ഉള്ളൂ - അദ്ദേഹം കൂട്ടിച്ചേർത്തു.

## കുംഭമേളയിൽ സമാധാന ദൗത്യസംഘം

**അലഹബാദിലെ** കുംഭമേളയിൽ ഹിന്ദു-മുസ്‌ലിം ഐക്യത്തെക്കുറിച്ച് പ്രചാരണം നടത്താൻ പ്രത്യേക സമാധാന ദൗത്യസംഘം പര്യടനം നടത്തി. ഫൈസൽഖാൻ(ദൽഹി), എം.എച്ച് ഗാന്ധി (ഗുജറാത്ത്), ഷാ ആലം (ഉത്തർപ്രദേശ്), സജ്ജാദ് കാർഗിലി (കശ്മീർ), സുരേഷ് ഭായ് (ഉത്തർപ്രദേശ്) എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. സന്യാസിമാരെയും പൊതുജനങ്ങളെയും കണ്ട് സംസാരിച്ച ദൗത്യസംഘത്തിന് ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. സാധ്വി മാ പ്രഗ്യാജിയുടെ ആശ്രമത്തിലായിരുന്നു സംഘത്തിന്റെ താമസം.

## 'ഇന്ത്യൻ തടവുകാരുടെ മോചനത്തിന് ഇടപെടണം'

**വധശിക്ഷ** വിധിക്കപ്പെട്ട് യു.എ.ഇയിൽ തടവിൽ കഴിയുന്ന 17 ഇന്ത്യക്കാരുടെ ശിക്ഷ ലഘൂകരിക്കുന്നതിന് കേന്ദ്ര സർക്കാർ ഇടപെടണമെന്ന് മുസ്‌ലിം പണ്ഡിതന്മാരും നേതാക്കളും ആവശ്യപ്പെട്ടു. അറബി അറിയുന്ന ഒരു ദൗത്യസംഘത്തെ യു.എ.ഇയിലേക്ക് അയക്കണം. അന്നാട്ടിലെ നിയമമനുസരിച്ച് മാപ്പ്, നഷ്ടപരിഹാരം തുടങ്ങിയ സാധ്യതകൾ ആരായണം. സർക്കാർ ആവശ്യപ്പെടുന്ന പക്ഷം ഇക്കാര്യത്തിൽ മുൻകൈയെടുക്കാൻ തങ്ങൾ സന്നദ്ധരാണെന്ന് മുസ്‌ലിം നേതാക്കൾ അറിയിച്ചു. മൗലാനാ ഖാലിദ് റശീദ് ഫാറംഗി മഹ്‌ലി, പഞ്ചാബ് ഷാഹി ഇമാം മൗലാനാ ഹബീബുർറഹ്മാൻ, പേഴ്സണൽ ലോ ബോർഡ് അസി. സെക്രട്ടറി മൗലാനാ അബ്ദുർറഹീം ഖുറൈശി, മൗലാനാ യസൂബ് അബ്ബാസ്, മൗലാനാ ഫസ്‌ലുർറഹ്മാൻ ഖൈസി, അഡ്വ. സഫരിയാബ് ജീലാനി എന്നിവരാണ് ഈ ആവശ്യമുന്നയിച്ചത്.

## രാജസ്ഥാനിൽ ജയിൽ പീഡനം

**2008ലെ** ജയ്പൂർ സ്ഫോടനക്കേസിൽ പിടിക്കപ്പെട്ട് രാജസ്ഥാൻ സെൻട്രൽ ജയിലിൽ കഴിയുന്ന ഒരു ഡസനിലധികം തടവുകാർ പീഡനങ്ങൾക്കിരയാവുന്നതായി ജ.ഇ-എ.പി.സി.ആർ അന്വേഷണ സംഘം കണ്ടെത്തി. ജയിൽ മാന്വൽ നിർദേശങ്ങൾ കാറ്റിൽ പറത്തിയാണ് ക്രൂരപീഡനം നടക്കുന്നത്. കാലിപേപ്പറിൽ ഒപ്പിടുവിക്കുക, അന്വേഷണം കഴിഞ്ഞിട്ടും കുറ്റസമ്മതം നടത്താൻ നിർബന്ധിക്കുക. കൊടും ചൂടിലും ഫാൻ അനുവദിക്കാതിരിക്കുക തുടങ്ങിയ പീഡനമുറകൾ നടക്കുന്നതായി സംഘാംഗങ്ങൾ വെളിപ്പെടുത്തി. ജയിൽ സൂപ്രണ്ട് ഒട്ടോ രാം രോഹിനെ കണ്ട് സംഘം കാര്യങ്ങൾ ചർച്ചചെയ്തു.

## വിഷൻ 2016 വാർത്തകൾ

**ബീഹാറിലെ** പട്ന ജമാഅത്ത് ഓഫീസിൽ ആംബുലൻസ് സർവീസ് ആരംഭിച്ചു. ജ.ഇ ഡെപ്യൂട്ടി അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സംബന്ധിച്ചു.

ആന്ധ്രപ്രദേശിലെ നാരായണൻപേട്ടിൽ ദരിദ്രവിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം നട

ത്തി. 61 വിദ്യാർഥികൾക്ക് 2250 രൂപ വീതമാണ് നൽകിയത്. ജ.ഇ ആന്ധ്രപ്രദേശ് സെക്രട്ടറി എം.എൻ സാഹിദ് ബെയ്ഗ് സംബന്ധിച്ചു.

## സ്കൂൾ കുട്ടികൾക്ക് ആർ.എസ്.എസ് മാസിക

**ആർ.എസ്.എസ്** അനുഭാവമുള്ള സരസ്വതി ബാൽ കല്യാൺ ന്യാസ് പുറത്തിറക്കുന്ന *ദേവ്പുത്ര* മാസിക മധ്യപ്രദേശിലെ മുഴുവൻ പ്രൈമറി വിദ്യാർഥികളും വായിക്കണമെന്ന് സംസ്ഥാന സർക്കാർ. *ദേവ്പുത്ര*യുടെ അവസാന ലക്കം ആർ.എസ്.എസ് ദാർശനികൻ ഗോൾവാൾക്കറെക്കുറിച്ച പ്രത്യേക പതിപ്പായിരുന്നു. സംസ്ഥാനത്തെ 83,400 സ്കൂളുകളിലേക്ക് പുസ്തകം എത്തിക്കുന്നതിന് 13 കോടി രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. സർവശിക്ഷാ അഭിയാന്റെ 19 കോടി ഫണ്ടിൽനിന്നാണിത് ചെലവഴിക്കുന്നത്. എൻ.സി.ഇ.ആർ.ടി പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ നീക്കി വെച്ചത് 6 കോടി രൂപമാത്രം!

സർക്കാർ നീക്കത്തെ വിദ്യാഭ്യാസമന്ത്രി അർചന ചിത്നിസ് ന്യായീകരിച്ചു. എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും നിർദേശം നടപ്പാക്കണമന്നും അവർ പറഞ്ഞു. “കാവിയെ വെറുക്കുന്നവർ സൂര്യനെ വെറുക്കേണ്ടി വരും” – കാവിവൽകരണത്തെക്കുറിച്ച ചോദ്യത്തിന് മന്ത്രിയുടെ പ്രതികരണം.

**അബ്വാദ്**